**By Regd Post**

വെബ് സൈറ്റ് : www.keralapsc.gov.in
ഇ-മെയിൽ : domlp.psc@kerala.gov.in
ഫോൺ : 0483 2734308

# കേരള പബ്ലിക് സർവീസ് കമ്മീഷൻ
## ജില്ലാ ഓഫീസ്, മലപ്പുറം

നമ്പർ : MVW1/1/2019-KPSC-DOMLPM (8)

മലപ്പുറം
08/08/2023.

ജില്ലാ ഓഫീസർ
കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ
ജില്ലാ ഓഫീസ്, മലപ്പുറം

സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ
സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്
തിരുവനന്തപുരം

സർ,

വിഷയം:- കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, ജില്ലാ ആഫീസ്, മലപ്പുറം - ഉദ്യോഗസ്ഥരുടെ സർവ്വീസ് വെരിഫിക്കേഷൻ തീയ്യതി അറിയിക്കുന്നത് - സംബന്ധിച്ച്.

നിയമന പരിശോധന നടത്തുന്നതിനായി താങ്കൾ അറിയിച്ചിരുന്ന ഉദ്യോഗസ്ഥരുടെ നിയമന പരിശോധന കെ.പി.എസ്.സി മലപ്പുറം ജില്ലാ ഓഫീസിൽ വച്ച് നടത്താൻ നിശ്ചയിച്ചിരിക്കുന്നു. വെരിഫിക്കേഷൻ സംബന്ധമായ വിശദമായ പട്ടിക ഇതോടൊപ്പം ചേർത്തിട്ടുണ്ട്. ടി ഉദ്യോഗസ്ഥരോട് നിശ്ചിത തീയ്യതിയിലും സമയത്തും ഈ ഓഫീസിൽ കോവിഡ് 19 രോഗവ്യാപനം തടയുന്നതിന് ആരോഗ്യ വകുപ്പ് നിഷ്കർഷിക്കുന്ന മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് നേരിൽ ഹാജരാകാൻ ആവശ്യമായ നിർദ്ദേശം നൽകണമെന്ന് അഭ്യർത്ഥിക്കുന്നു. വെരിഫിക്കേഷൻ സമയത്ത് നിയമന ശിപാർശാ കത്തിലെ മേൽ വിലാസം, ജനന തീയതി എന്നിവ തെളിയിക്കുന്നതിനായി എസ്.എസ്.എൽ.സി (ഒറിജിനൽ) ബുക്ക് കമ്മീഷൻ അംഗീകരിച്ചിട്ടുള്ള തിരിച്ചറിയൽ രേഖകളിൽ ഏതെങ്കിലും ഒന്നും, കൂടാതെ ജോലി ചെയ്യുന്ന സ്ഥാപനത്തിൽ/വകുപ്പിൽ നിന്നും തിരിച്ചറിയൽ കാർഡ് നൽകിയിട്ടുള്ള പക്ഷം ആയതും കൂടി നിർബന്ധമായും ഹാജരാക്കേണ്ടതാണ്. നിയമന ശിപാർശാ കത്തിലെ മേൽ വിലാസവും തിരിച്ചറിയൽ രേഖയിലെ മേൽവിലാസവും സേവന പുസ്തകത്തിലെ മേൽവിലാസവും വ്യത്യസ്തമാണെങ്കിൽ ടി മേൽവിലാസങ്ങളിലെ വ്യക്തി ഒരാൾ തന്നെയാണെന്ന് തെളിയിക്കുന്ന സാക്ഷ്യപത്രം (ഗസറ്റഡ് ഉദ്യോഗസ്ഥൻ നൽകിയത്) ഹാജരാക്കേണ്ടതാണ് . നിയമന പരിശോധനയ്ക്ക് ഹാജരാകുന്ന ഉദ്യോഗസ്ഥർ വെരിഫിക്കേഷൻ ഫോറം പൂരിപ്പിക്കേണ്ടതിനാൽ നിയമന ശിപാർശാ കത്ത്, നിയമന ഉത്തരവ് എന്നിവയുടെ നമ്പരും തീയതിയും അവരവരുടെ റാങ്ക് ലിസ്റ്റിന്റെ നമ്പർ, റാങ്ക് നമ്പർ, രജിസ്റ്റർ നമ്പർ/ഇന്റർവ്യൂ ക്രമ നമ്പർ, നിയമനം ലഭിച്ച ഊഴം, ശമ്പള സ്കെയിൽ, ജോലിയിൽ പ്രവേശിച്ച തീയതി ഓഫീസിന്റെ പേര്, നിയമനാധികാരിയുടെ പേര്, ഉദ്യോഗപ്പേര് എന്നിവ വ്യക്തമായി അറിഞ്ഞിരിക്കേണ്ടതാണ്.

<u>**നിയമന പരിശോധനയ്ക്ക് ഹാജരാകുന്ന ഉദ്യോഗസ്ഥർക്ക് ഹോളോഗ്രാം പതിച്ച സർവ്വീസ്**</u>

**വെരിഫിക്കേഷൻ സർട്ടിഫിക്കറ്റ് നൽകുന്നതിന് 210/- (ഇരുന്നൂറ്റിപ്പത്ത്) രൂപ ഈടാക്കുന്നതിന് 08/07/2019 തീയ്യതിയിലെ G.O (Ms) No. 133/2019/GAD പ്രകാരം ഉത്തരവായിട്ടുണ്ട്. പ്രസ്തുത തുക Online Banking സംവിധാനം ഉപയോഗിച്ചുള്ള E-payment മുഖേനയാണ് ഒടുക്കേണ്ടത് (ചലാൻ ഉപയോഗിച്ച് ട്രഷറികളിൽ നേരിട്ടോ/ഇ-ചലാൻ മുഖേനയോ പണം ഒടുക്കുന്നത് സ്വീകാര്യമല്ല) E-payment മുഖേന പണമൊടുക്കുന്നതിന് ഉദ്യോഗസ്ഥരുടെ വൺടൈം റെജിസ്ട്രേഷൻ പ്രൊഫൈലിലെ സർവ്വീസ് വെരിഫിക്കേഷൻ എന്ന ലിങ്കിലൂടെ ട്രഷറി വകുപ്പിന്റെ സൈറ്റിലേക്ക് പ്രവേശിച്ച് Online ആയി പണം ഒടുക്കാവുന്നതാണ്. സർവ്വീസ് വെരിഫിക്കേഷന് ഹാജരാകുന്ന ഉദ്യോഗസ്ഥർക്ക് ആയതിനു മുമ്പായി ഇപ്രകാരം തന്നെ പണം ഒടുക്കണമെന്ന നിർദ്ദേശം കൂടി നൽകേണ്ടതാണ്.**

NB:- നിയമന പരിശോധനയ്ക്കായി ജീവനക്കാരുടെ പ്രമാണങ്ങൾ അയച്ചുതരുന്നത് കർശനമായും നിയമന ശിപാർശ ക്രമത്തിലാകണമെന്നും ആകയാൽ ക്രമം തെറ്റിച്ച് നിയമന പരിശോധന നടത്തുന്നത് മൂലം ഉണ്ടാകുന്ന അനന്തര പ്രശ്നങ്ങളുടെ (സീനിയോറിറ്റി തർക്കം, കോടതി വ്യവഹാരം മുതലായവ) പൂർണ്ണ ഉത്തരവാദിത്വം ബന്ധപ്പെട്ട വകുപ്പിൽ നിക്ഷിപ്തമായിരിക്കും എന്ന വിവരം അറിയിക്കുന്നു. **കൂടാതെ നിയമന പരിശോധനയ്ക്കായി രേഖകൾ അയക്കുമ്പോൾ OTV മുഖേന നിയമന ശിപാർശ ചെയ്യപ്പെട്ടതും ഐഡന്റിഫിക്കേഷൻ സർട്ടിഫിക്കറ്റ് ഉപയോഗിച്ച് നിയമന ശിപാർശ ചെയ്യപ്പെട്ടതുമായ ഉദ്യോഗാർത്ഥികളുടെ പ്രമാണങ്ങൾ പ്രത്യേകം പ്രത്യേകമായി വ്യത്യസ്ത കത്തുമുഖേനത്തന്നെ അയച്ചുതരേണ്ടതാണ്.**

വിശ്വസ്തതയോടെ

Sd/-
ജില്ലാ ഓഫീസർ
കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ
ജില്ലാ ഓഫീസ്, മലപ്പുറം

ഉള്ളടക്കം:- Schedule for Service Verification.

List of employees scheduled for Service Verification in **Technical Education Department**

| Scheduled on **21.08.2023** at **10:00 AM** | | | | |
|---|---|---|---|---|
| **Sl. No.** | **Name** | **Designation** | **Date of Birth** | **PCN** |
| 1 | AKHIL M R | Clerk | 16.01.1995 | 220026755 |

For **District Officer**
Kerala Public Service Commission
District Office, Malappuram

The incumbents must login to their One-Time registration profile and pay the amount by ePayment by clicking the **Make Payment** button in the Service Verification page.
**Other modes of payment like e-Chalan or manual chalan etc. will not be accepted**